(ഇ) ആരിക്കാടി വില്ലേജിലെ റീ-സർവ്വേ നമ്പർ 154/1-ൽപ്പെട്ട 67 സെന്റ് സ്ഥലം ഭാവിയിൽ ഹോമിയോ ഡിസ്പെൻസറി, കുടുംബക്ഷേമ ഉപകേന്ദ്രം എന്നിവയ്ക്കായി ആവശ്യമുണ്ടെന്ന് പഞ്ചായത്ത് അധികൃതർ അപേക്ഷിച്ചിട്ടുണ്ട്. വഴിയായി ഉപയോഗിച്ചു വരുന്ന സ്ഥലം പതിച്ചുനൽകിയിട്ടുള്ളതായി ചുരുക്കം ചില പരാതികൾ ഉണ്ടായിട്ടുണ്ട്.

കൊല്ലങ്കോട് ബൈപ്പാസ് റോഡ്

237 (1294) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് പട്ടണത്തിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് അനുവദിച്ച കൊല്ലങ്കോട് ബൈപാസ് റോഡിന്റെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

(ബി) എലവഞ്ചേരി, കൊല്ലങ്കോട്, കൊല്ലങ്കോട് II എന്നീ വില്ലേജുകളിൽപ്പെട്ട സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി കൊടുക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത് ;

(സി) ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലങ്കോട് ബൈപ്പാസിനുവേണ്ടി 14.5204 ഹെക്ടർ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേസ് മുഖാന്തരം ഏറ്റെടുക്കുവാൻ 30-9-2014-ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ ഭൂവുടമകളുമായി ചർച്ച നടത്തി വില സംബന്ധിച്ച് ധാരണയിലെത്താനായാൽ അർത്ഥനാധികാരി മുഖേന ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കാവുന്നതാണ്. വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിലെത്താനായില്ലെങ്കിൽ പുതിയ എൽ.എ. ആക്ടിൽ പറയുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നടപടികൾ പൂർത്തിയാക്കുന്നതാണ്.

(സി) ജില്ലാ കളക്ടർ ഭൂവുടമകളുമായി ചർച്ച നടത്തി വില സംബന്ധിച്ച് ധാരണയിലെത്താനായാൽ അർത്ഥനാധികാരി മുഖേന ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കാവുന്നതാണ്. 2014 ജനുവരി ഒന്ന് മുതൽ നിലവിൽവന്ന പുതിയ എൽ.എ. ആക്ടിന്റെ അടിസ്ഥാനത്തിലാണ് സ്ഥലമെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുക. നിയമപ്രകാരമുള്ള സമയപരിധിക്കകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly